## പുനലൂരിലെ പ്രിമെറോ അപ്പാരൽ പാർക്ക്

അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകൾക്ക് ഉപജീവന മാർഗ്ഗങ്ങളൊരുക്കി നൽകുകയും അതുവഴി അവർക്ക് സ്വന്തമായി വരുമാനം കണ്ടെത്തി നൽകുകയും ചെയ്യുന്നു സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യമാണ് കുടുംബശ്രീയ്ക്കുള്ളത്. സാമ്പത്തിക ശാക്തീകരണത്തിലൂടെ സ്ത്രീകളെ കരുത്തരാക്കാനുള്ള ശ്രമങ്ങളാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ പ്രധാനം. അതിനാൽ തന്നെയാണ് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി അയൽക്കൂട്ട വനിതകൾക്ക് സ്വന്തമായി സമ്പാദിക്കാനുള്ള വഴികളും കുടുംബശ്രീ തുറന്ന് നൽകുന്നത്. സൂക്ഷ്മ സംരംഭങ്ങളും സംഘകൃഷിയും ഉൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾ ഇതിനായി കുടുംബശ്രീ നടപ്പിലാക്കുന്നു.

**സൂക്ഷ്മ സംരംഭങ്ങൾ**

വ്യക്തിഗതമായും സംഘം ചേർന്നും ആരംഭിക്കാനാകുന്ന സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാനുള്ള പൂർണ്ണമായ പിന്തുണയും സഹായങ്ങളുമാണ് അയൽക്കൂട്ട വനിതകൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തി നൽകുന്നതിൽ പ്രധാനമായും കുടുംബ ശ്രീ ചെയ്യുന്നത്. നൈപുണ്യ പരിശീലനങ്ങൾ നൽകി തൊഴിൽ നേടിക്കൊടുക്കുന്നതും സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം വഴി ഉപജീവന മാർഗ്ഗം ഒരുക്കി നൽകുന്നതും മറ്റ് വഴികളാണ്. കാർഷിക മേഖലയിൽ സംഘകൃഷി നടത്താനും അതുവഴി വരുമാനം കണ്ടെത്താനുമുള്ള സഹായങ്ങളും ചെയ്തു നൽകുന്നു. എന്നാൽ അയൽക്കൂട്ട വനിതകൾക്ക് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിൽ സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങളാണ് കുടുംബശ്രീയെ പ്രധാനമായും തുണയ്ക്കുന്നത്.

22000ത്തോളം സൂക്ഷ്മ സംരംഭങ്ങളാണ് കുടുംബശ്രീയ്ക്ക് കീഴിൽ ഇന്നുള്ളത്. സംരംഭങ്ങളുടെ മികച്ച പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി സാമ്പത്തിക സഹായങ്ങളും പരിശീലനങ്ങളും ഗ്രേഡിങ്, ജിയോ ടാഗിങ് അടക്കമുള്ള പ്രവർത്തനങ്ങളും കുടുംബശ്രീ ചെയ്തു വരുന്നു. കേരളത്തിലൊട്ടാകെയുള്ള

കുടുംബശ്രീ സംരംഭങ്ങളുടെ മികച്ച പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാർ (എംഇസി) എന്ന പ്രത്യേക വിഭാഗവും കുടുംബശ്രീയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നു.

അയൽക്കൂട്ടാംഗങ്ങളുടെ ആശയങ്ങൾക്ക് അനുസരിച്ച് തീരെ ചെറിയ മുതൽമുടക്കിൽ നടത്തുന്നത് മുതൽ തദ്ദേശ സ്ഥാപനങ്ങളും റെയിൽവേയും സർക്കാർ സ്ഥാപനങ്ങളുമായെല്ലാം സഹകരിച്ചും ഇത്തരത്തിൽ സംരംഭങ്ങൾ കുടുംബശ്രീ മുഖേന ആരംഭിക്കാറുണ്ട്. ഇങ്ങനെ സംയോജനങ്ങൾ വഴി നിലവിൽ വന്ന നിരവധി സംരംഭങ്ങൾ ഇന്ന് കുടുംബശ്രീയ്ക്ക് കീഴിലുണ്ട്. റെയിൽവേ പാർക്കിങ്ങും വെയിറ്റിങ് ഹാൾ നിയന്ത്രണവും കൊച്ചി മെട്രോയിലെ ഫെസിലിറ്റി മാനേജ്മെന്റ് പ്രവർത്തനങ്ങളും മുതൽ ഗവൺമെന്റ് കോളേജുകളിലെ ക്യാന്റീൻ നടത്തിപ്പും മെഡിക്കൽ കോളേജുകളിലെ പാർക്കിങ്ങും എല്ലാം ഇതിൽ ഉൾപ്പെടും.

## പുനലൂർ അപ്പാരൽ പാർക്ക്

തദ്ദേശസ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണത്തോടെ ആരംഭിച്ച നിരവധി സംരംഭങ്ങളുണ്ട് കുടുംബശ്രീയിൽ. കൊല്ലം ജില്ലയിൽ ഇത്തരത്തിൽ തുടക്കമിട്ട ശ്രദ്ധേയമായിത്തീർന്ന ഒരു സംരംഭമാണ് പുനലൂരിൽ സ്ഥിതി ചെയ്യുന്ന പ്രിമെറോ അപ്പാരൽ പാർക്ക്.

### ആശയ രൂപീകരണം

പുനലൂർ നഗരസഭയ്ക്ക് കീഴിലുള്ള 35 വാർഡുകളിൽ നിന്നുള്ള സ്ത്രീകൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തി നൽകാനുള്ള സംരംഭം ആരംഭിക്കണമെന്ന തീരുമാനത്തിൽ നിന്നാണ് പ്രിമെറോ അപ്പാരൽ പാർക്കിന്റെ പിറവി. ഇങ്ങനെയൊരു സംരംഭം തുടങ്ങുന്നതിന് സംയോജിച്ച് പ്രവർത്തിക്കണമെന്ന ആവശ്യവുമായി കുടുംബശ്രീ ജില്ലാ മിഷനെ നഗരസഭാ അധികൃതർ സമീപിക്കുകയായിരുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

കൊല്ലം ജില്ലയിൽ തന്നെയുള്ള നെടുമ്പന ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന നെടുമ്പന അപ്പാരൽ പാർക്ക് മാതൃകയാണ് പുനലൂർ നഗരസഭയിൽ ആരംഭിക്കുന്ന അപ്പാരൽ പാർക്കും സ്വീകരിച്ചത്.

ആദ്യഘട്ടത്തിൽ കുടുംബശ്രീ പുനലൂർ നഗരസഭാ സിഡിഎസ് മുഖേന അയൽക്കൂട്ട അംഗങ്ങളായ ഒരാളെ വീതം തെരഞ്ഞെടുത്തു. എഡിഎസുകൾ വഴിയായിരുന്നു തെരഞ്ഞെടുപ്പ്. കൂടാതെ തയ്യൽ അറിയാവുന്ന കുറച്ച് പേരേക്കൂടി യൂണിറ്റ് അംഗങ്ങളായി തെരഞ്ഞെടുത്തു. 2018 അവസാനത്തോടെയായിരുന്നു ഈ പ്രവർത്തനം. ആകെ 50 പേരെയാണ് അപ്പാരൽ പാർക്ക് ആരംഭിക്കാനായി ഇത്തരത്തിൽ തെരഞ്ഞെടുത്തത്.

തെരഞ്ഞെടുത്തവർക്ക് കിറ്റ്കോ മുഖേന പത്ത് ദിവസ പരിശീലനവും നൽകി. തൊഴിൽ വൈദഗ്ധ്യ വ്യവസായ സംരംഭകത്വ പരിശീലനത്തിൽ ഉൾപ്പെടുത്തി ബേസിക് ടെയ്ലറിങ് ആൻഡ് ഫാഷൻ ഡിസൈനിങ് കോഴ്സിലായിരുന്നു പരിശീലനം. വിവിധതരത്തിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ തയ്ക്കുന്നതിലും വ്യവസായ യൂണിറ്റുകളിലുപയോഗിക്കുന്ന തയ്യൽ മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിലുമടക്കം ഇവർക്ക് വിദഗ്ധ പരിശീലനം നൽകി.

പുനലൂർ നഗരസഭയിലെ ചെമ്മന്തൂരിൽ സ്വകാര്യ ബസ് സ്റ്റാൻഡിലെ നഗരസഭാ ഷോപ്പിങ് കോംപ്ലക്സിന്റെ മുകൾ നിലയിലുള്ള കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നഗരസഭ ഒരുക്കി നൽകി. 50 ലക്ഷം രൂപയാണ് പദ്ധതി തുക. കുടുംബശ്രീയിൽ നിന്ന് ഈ തുക ഉപയോഗിച്ച് അത്യാധുനിക മെഷീനുകളും മറ്റ് യന്ത്രസംവിധാനങ്ങളും ഒരുക്കി. ഒരു കോമൺ ഫെസിലിറ്റി സെന്റർ എന്ന നിലയിൽ ഈ സംരംഭത്തെ മാറ്റുകയും ചെയ്തു. പ്രിമെറോ അപ്പാരൽ പാർക്ക് എന്ന പേരിൽ യൂണിറ്റ് രജിസ്ട്രർ ചെയ്തു.

50 അംഗങ്ങളിൽ നിന്ന് സംരംഭത്തിന്റെ പ്രസിഡന്റായി ശരണ്യയെയും സെക്രട്ടറിയായി ഷെമി ഗണേഷനെയും ചുമതല ഏൽപ്പിച്ചു. ഇവരുൾപ്പെടെ ആറംഗ ഭരണ സമിതിയാണ് സംരംഭത്തിനുള്ളത്.

2019 ഫെബ്രുവരി 1ന് സംരംഭത്തിന് തുടക്കമായി.

**പ്രവർത്തനരീതി**

അംഗങ്ങളിൽ നിന്ന് 2600 രൂപ വീതം ഗുണഭോക്തൃ വിഹിതമായി സ്വീകരിച്ച് തുണി എടുത്ത് റെഡിമെയ്ഡ് വസ്ത്രങ്ങൾ തയ്ച്ച് തുടങ്ങി. പ്രിമെറോ എന്ന ബ്രാൻഡിലാണ് ഉത്പന്നങ്ങൾ പുറത്തിറക്കുന്നത്.

പുറത്ത് നിന്ന് തയ്ച്ച് നൽകാൻ മാത്രമുള്ള ഓർഡറുകളും സ്വീകരിക്കുന്നു. വിവിധ കമ്പനികളുടെയും സ്കൂളുകളുടെയും യൂണിഫോമുകൾ, ബാഗുകൾ എന്നിവയെല്ലാം തയ്ച്ച് നൽകുന്നു. നൽകുന്ന തുണി ആവശ്യമുള്ള ഡിസൈൻ അനുസരിച്ച് തയ്ച്ച് തിരികെ ഏൽപ്പിക്കുന്ന രീതിയാണ് പിന്തുടരുന്നത്. ഒരു ലക്ഷം രൂപയുടേതടക്കമുള്ള ഓർഡറുകൾ യൂണിഫോം തയ്ച്ച് നൽകുന്നതിനായി ലഭിച്ചു കഴിഞ്ഞു. എല്ലാ പണമിടപാടുകളും യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തുന്നത്.

തുണിസഞ്ചികൾക്ക് ആവശ്യമേറിയ സാഹചര്യത്തിൽ തുണിസഞ്ചി നിർമ്മാണവും ഇപ്പോൾ ഇവിടെ നടത്തി വരുന്നു. സ്ക്രീൻ പ്രിന്റിങ്ങും ചെയ്ത് നൽകുന്നു. ഒരു ദിവസം ഓർഡർ അനുസരിച്ച് 200 മുതൽ 500 വരെ തുണിസഞ്ചികൾ തയാറാക്കി നൽകാനുള്ള പ്രാപ്തി യൂണിറ്റിനുണ്ട്. കോട്ടണും ജൂട്ടും ഉപയോഗിച്ച് സഞ്ചികൾ തയാറാക്കുന്നു. 10 രൂപ മുതൽ 60 രൂപ വരെയാണ് സഞ്ചികൾക്ക് ഈടാക്കുന്ന വില.

പ്രിമെറോ ബ്രാൻഡിൽ ഗൗൺ, കുട്ടികൾക്കുള്ള ഉടുപ്പുകൾ എന്നിവയും ഇവിടെ തയാറാക്കുന്നു. ഓരോരുത്തരും ജോലിക്ക് എത്തുന്നത് അനുസരിച്ച് അറ്റൻഡൻസ് രേഖപ്പെടുത്തുന്നു. അറ്റൻഡൻസ് അനുസരിച്ചാണ് പ്രതിഫലം നൽകുന്നത്. മാസം ലഭിക്കുന്ന വരുമാനം വൈദ്യുതി, വെള്ളം എന്നീ ചിലവുകൾക്കും മറ്റുമായി മാറ്റിവച്ചതിന് ശേഷമാണ് ഓരോരുത്തർക്കുമായി വീതിച്ച് കൊടുക്കുന്നത്.

**ഭാവി**

ഇപ്പോൾ ഒരു നിശ്ചിത തുക വീതിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിലും ഭാവിയിൽ അങ്ങനെയൊരു സംവിധാനത്തിലേക്ക് എത്തണമെന്ന ലക്ഷ്യമാണ് യൂണിറ്റിനുള്ളത്. പ്ലാസ്റ്റിക് നിരോധനം വന്ന സാഹചര്യത്തിൽ തുണിസഞ്ചികളുടെ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധയൂന്നിയാണ് ഇപ്പോൾ യൂണിറ്റ് പ്രവർത്തിക്കുന്നത്.